മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 12

# വാർത്താക്കുറിപ്പ്

---

## ഇന്റർനാഷണൽ ഓൺലൈൻ കോൺഫറൻസിന് തുടക്കമായി

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ആന്റ് നാനോ സെന്ററും, പോളണ്ടിലെ റോക്ലോ യൂണിവേഴ്സിറ്റിയും ഡാൻസ്ക് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയും സംയുക്തമായി സംഘടിപ്പിച്ച ഇന്റർനാഷണൽ ഓൺലൈൻ കോൺഫറൻസിന് തുടക്കമായി. നാനോമെറ്റീരിയൽസിന്റെ സങ്കലനം, രൂപമാറ്റം, പ്രക്രിയ, ഘടന, സ്വഭാവം, ഉപയോഗം തുടങ്ങിയവയെ സംബന്ധിച്ചായിരുന്നു നാനോമെറ്റീരിയൽ മേഖലയുടെ പുരോഗതിയുടെ ആഘോഷത്തിന്റെ ഭാഗമായി കോൺഫറൻസ് സംഘടിപ്പിച്ചത്.

മഹാത്മഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ച പരിപാടിയിൽ പോളണ്ടിലെ റോക്ലോ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിലെ പ്രോഫ. മസീജ് ജറോസേവ്സ്കിയും (Prof. Maciej Jaroszewski), ഡാൻസ്ക് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിലെ പ്രൊഫ. ജോസെഫ് റ്റി. ഹാപ്പോന്യൂയിക്കും (Prof. Jozef T. Haponuik) ചേർന്നാണ് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചത്. വിവരസാങ്കേതിക വിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ആഭ്യന്തര സുരക്ഷ, ഔഷധം, ഗതാഗതം, ഉർജം, ഭക്ഷ്യ സുരക്ഷ, പരിസ്ഥിതി ശാസ്ത്രം തുടങ്ങിയ വിവിധ സാങ്കേതിക വ്യവസായ മേഖലകളിൽ അഭിവൃദ്ധിയും വിപ്ലവവും സൃഷ്ടിക്കാൻ നാനോടെക്നോളജിക്ക് കഴിയുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അവർ അഭിപ്രായപ്പെട്ടു.

സിൻഡിക്കേറ്റ് അംഗമായ പ്രൊഫ. നന്ദകുമാർ കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി. ഡോ. ഹന്ന ജെ മരിയയാണ് ആഗസ്റ്റ് 14 വരെ നീണ്ടു നിൽക്കുന്ന മൂന്ന് ദിവസത്തെ കോൺഫറൻസിന്റെ സെഷനുകളുടെ ഏകോപനം നടത്തുന്നത്. കോൺഫറൻസിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് http://www.macromol.in/ICN2022/ എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ nanomaterials@macromol.in എന്ന ഇ-മെയിൽ വഴി ബന്ധപ്പെടുകയോ ചെയ്യാം.

(പി.ആർ.ഒ./39/1136/2022)

## എം.ജി. ബിരുദ / ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ ഏകജാലകം

മഹാത്മാഗാന്ധി സർവ്വകലാശാല ബിരുദ/ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകകളുടെ ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ആഗസ്റ്റ് 19 ന് വൈകിട്ട് നാല് മണിക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്. ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവരും സ്ഥിരപ്രവേശം ആഗ്രഹിക്കുന്നവരും കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതും താത്കാലിക

പ്രവേശനം ആഗ്രഹിക്കുന്നവർക്ക് ഓൺലൈനായി പ്രവേശനം നേടാവുന്നതുമാണ്. പ്രവേശനം നേടുന്നവരെല്ലാം തന്നെ പ്രവേശനം ലഭിച്ചു എന്നതിന്റെ തെളിവായി 'കൺഫർമേഷൻ സ്ലിപ്' ഡൗൺലോഡ് ചെയ്തു സൂക്ഷിക്കേണ്ടതാണ്. 'കൺഫർമേഷൻ സ്ലിപ്' ഇല്ലാത്തവരുടെ പരാതികൾ പരിഗണിക്കുന്നതല്ല. കോളേജുകൾ സ്ഥിര /താത്കാലിക പ്രവേശനമെടുത്തവരെ പ്രവേശിപ്പിച്ചു എന്നത് കൃത്യമായി വെരിഫൈ ചെയ്യേണ്ടതാണ്.

(പി.ആർ.ഒ./39/1137/2022)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർസ്കൂൾ സെന്റർ ആയ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസ്സിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസിൽ (ഐ.എം.പി. എസ്.എസ്.) അഞ്ചു വർഷ ഇന്റഗ്രേറ്റഡ് എം.എ (2022-2027) എസ്.സി. സംവരണ വിഭാഗത്തിൽ രണ്ടു സീറ്റുകൾ ഒഴിവുണ്ട്. എസ്.സി. വിഭാഗം വിദ്യാർത്ഥിയുടെ അഭാവത്തിൽ എസ്.ടി. വിഭാഗം വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്. പ്ലസ്ടു യോഗ്യതയുള്ള അർഹരായവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 19 ന് രാവിലെ 10.30 ന് സ്പോട്ട് അഡ്മിഷന് വകുപ്പ് ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481-2731445 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/1138/2022)

## മാറ്റി വച്ച പ്രാക്ടിക്കൽ പരീക്ഷ

2022 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് അനിമേഷൻ ആൻഡ് ഗ്രാഫിക് ഡിസൈൻ പരീക്ഷയുടെ മാറ്റി വെച്ച പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 20 മുതൽ മാറമ്പള്ളി എം.ഇ.എസ്. കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1139/2022)

## പരീക്ഷാ ടൈം ടേബിൾ

ആഗസ്റ്റ് 19 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2014-2016 അഡ്മിഷൻ - റീ-അപ്പിയറൻസ് / 2013 അഡ്മിഷൻ - മെഴ്സി ചാൻസ്), സൈബർ ഫോറൻസിക് (2014-2018 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷയോടൊപ്പം കൂടുതൽ പേപ്പർ ഉൾപ്പെടുത്തി ടൈം ടേബിൾ പുന:ക്രമീകരിച്ചു. വിശദിവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1140/2022)

## പരീക്ഷാ ഫീസ്

ആഗസ്റ്റ് 26 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. (2021 അഡ്മിഷൻ - റെഗുലർ / 2020, 2019 അഡ്മിഷനുകൾ - സപ്ലിമെന്ററി) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് 16 വരെയും പിഴയോടു കൂടി ആഗസ്റ്റ് 17 നും സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് 19 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1141/2022)

## പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ എം.എസ്.സി. എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (സി.എസ്.എസ്. - 2021 അഡ്മിഷൻ - റഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / 2020, 2019 അഡ്മിഷൻ - സപ്ലിമെന്ററി) ജൂലൈ 2022 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ കാലടി, ശ്രീ ശങ്കരാ കോളേജിൽ ആഗസ്റ്റ് 17 ന് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1142/2022)

2022 ജൂലൈ / ആഗസ്റ്റ് മാസങ്ങളിൽ നടന്ന മൂന്നാം സെമസ്റ്റർ എം.സി.എ. (റഗുലർ / സപ്ലിമെന്ററി / മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 22 മുതൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1143/2022)

ആറാം സെമസ്റ്റർ ബി.എസ്.സി. സൈക്കോളജി (2013-2016 അഡ്മിഷൻ) ജൂൺ 2022 പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 16 ന് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1144/2022)

ഒന്നാം സെമസ്റ്റർ എം.എസ്.സി ബോട്ടണി (സി.എസ്.എസ്. - 2021 അഡ്മിഷൻ - റഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / 2020, 2019 അഡ്മിഷൻ - സപ്ലിമെന്ററി) ജൂലൈ 2022 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 17 മുതൽ 23 വരെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1145/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**